## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1014** **30.01.2019-ൽ മറുപടിക്ക്**

## സ്ത്രീ തൊഴിലാളികളുടെ സുരക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സ്ത്രീ തൊഴിലാളികളെ രാത്രി 9 മണിവരെ ജോലിക്ക് നിയോഗിക്കാനും, രാത്രി 9 മണിക്കും രാവിലെ 6 മണിക്കും ഇടയിൽ അവരുടെ സമ്മതത്തോടുകൂടി ജോലിക്ക നിയോഗിക്കാനും സാധ്യമാകുന്ന വിധത്തിൽ ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ് മെന്റ് നിയമത്തിൽ ഭേദഗതി കൊണ്ടുവന്നിട്ടുണ്ടോ ;<br>(ബി) ഇപ്രകാരം രാത്രി 9 മണിവരെ ജോലിചെയ്യുവാൻ നിർബന്ധിതരാകുന്ന സ്ത്രീ തൊഴിലാളികളുടെ സുരക്ഷയ്ക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) യും (ബി) യും ഉണ്ട്. കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്(ഭേദഗതി)ആക്റ്റ്, 2018 പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കാവുന്നതാണ്. അപ്രകാരം ജോലി ചെയ്യിക്കുന്നപക്ഷം 5 ജീവനക്കാരെങ്കിലും ഉള്ള ഗ്രൂപ്പായും ആയതിൽ കുറഞ്ഞത് 2 സ്ത്രീകളെങ്കിലും ഉണ്ടായിക്കേണ്ടതുമാണ്. ജോലി സ്ഥലത്ത് നിന്നും താമസസ്ഥലം വരെയുള്ള യാത്രാ സൗകര്യം, സുരക്ഷ, ലൈംഗിക ചൂഷണത്തിൽ നിന്നുള്ള സംരക്ഷണം എന്നിവ ഉറപ്പാക്കേണ്ടതുമാണ്. |
| (സി) ജോലിയിടങ്ങളിൽ ഇരിക്കുവാനുള്ള അവകാശം സ്ത്രീ തൊഴിലാളികൾക്ക് ഉറപ്പാക്കിയിട്ടുള്ളത് തൊഴിലുടമകൾ പാലിക്കുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ;<br>(ഡി) ഇത് നടപ്പിലാക്കാത്ത ഉടമകൾക്കെതിരെ എന്ത് നിയമനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) യും (ഡി) യും ഉണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാനമൊട്ടാകെയുള്ള 20 സ്ത്രീ ജീവനക്കാരിൽ കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്ന വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഇരിപ്പിട സൗകര്യം ഏർപ്പെടുത്താത്ത തൊഴിൽ സ്ഥാപനങ്ങൾക്ക് പരിശോധനക്കുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇരിക്കുവാനുള്ള അവകാശത്തെ സംബന്ധിച്ച് തൊഴിലാളികളെയും തൊഴിലുടമകളെയും ബോധവൽക്കരിക്കുന്നതിനായി |

ലഘുലേഖകൾ വിതരണം നടത്തുകയും ചെയ്തു വരുന്നുണ്ട്.

സ്ഥാപന പരിശോധനാ വേളയിൽ ഇതു നടപ്പിലാക്കാത്ത ഉടമകൾക്കെതിരെ തൊഴിൽ നിയമപ്രകാരമുള്ള പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്നത് ഉൾപ്പെടയുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.